(ബി) എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഈ ഗവേഷണ കേന്ദ്രം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ആലപ്പുഴ ജില്ലാ കൃഷി ഫാമിന്റെ നവീകരണം

51 [989] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലാ കൃഷി ഫാമിന്റെ നവീകരണത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) വിത്തുൽപ്പാദനത്തിനും വൻതോതിലുള്ള പച്ചക്കറി ഉൽപ്പാദനത്തിനും പ്രത്യേക പ്രാധാന്യം നൽകി പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) ഫാമിന്റെ നവീകരണത്തിനായി നിലവിൽ പദ്ധതികളുണ്ട്. ഫാമിന്റെ നവീകരണത്തിനായി അഞ്ചുവർഷം കൊണ്ട് (2002 മുതൽ 2007 വരെ) ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ഒരു പെർസ്പെക്ടീവ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ഭാഗമായി പുഷ്പകൃഷി നഴ്സറി, കുരുമുളക് നഴ്സറി, ജാതി തൈയും ഒട്ടു തയ്യും ഉൽപ്പാദിപ്പിക്കുന്നതിനുള്ള നഴ്സറി തുടങ്ങിയവയും നടപ്പിലാക്കിവരുന്നു

(സി) പരിഗണിച്ചിട്ടുണ്ട്.

(ഡി) വിവിധയിനം പച്ചക്കറികളുടെ വിത്തുൽപ്പാദന പ്രവർത്തനങ്ങൾ ഫാമിൽ തുടർച്ചയായി ചെയ്തുവരുന്നു. പച്ചക്കറി ഉൽപ്പാദനത്തിന് പ്രാധാന്യം നൽകി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയനുസരിച്ച് 1.5 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി ഉൽപ്പാദനത്തിനുവേണ്ടി മാത്രം പച്ചക്കറിക്കൃഷി നടത്തുന്നു. കൂടാതെ ഡിപ്പാർട്ടുമെന്റ് ഫണ്ട് ഉപയോഗിച്ച് 14 ഏക്കർ സ്ഥലത്ത് വിവിധയിനം പച്ചക്കറികളുടെ വിത്തുൽപ്പാദനത്തിനായും പദ്ധതികൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly